# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1746 10.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ലഹരി മരുന്ന് വ്യാപനം

| | ചോദ്യം<br><br>ശ്രീ.സജി ചെറിയാൻ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പലതരം ലഹരി മരുന്ന് വ്യാപനം നടത്തുന്ന ക്രിമിനൽ പശ്ചാത്തലമുള്ളവർ സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ സ്കൂളുകളുടെ സമീപങ്ങളിൽ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്ന പ്രവണത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള എത്ര കേസുകളാണ് ഈ വർഷം ചാർജ്ജചെയ്തിട്ടുള്ളത്; | (ബി) | ഈ വർഷം പോലീസ് വകുപ്പ് 29.02.2020 വരെ 140 കേസുകളും എക് സൈസ് വകുപ്പ് 165 കേസുകളും ചാർജ്ജ് ചെയ്തിട്ടുണ്ട്. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര കേസുകൾ രേഖപ്പെടുത്തിയിട്ടുണ്ട്; | (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ 2019-ൽ ഇത്തരത്തിലുള്ള 6 കേസുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ഇത്തരത്തിലുള്ള കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | ഇവ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള കർശനനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, വിമുക്തി, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതികൾ, Students Protection Group എന്നിവയുടെ സഹായത്തോടുകൂടി വിവരശേഖരണം നടത്തിയും, പി.റ്റി.എ, റസിഡൻസ് അസോസിയേഷൻ, സ്കൂളുകൾക്ക് സമീപമുള്ള വിശ്വസ്തരായ ഡ്രൈവർമാർ, വ്യാപാര സ്ഥാപനക്കാർ എന്നിവരുടെ സഹായത്തോടുകൂടി വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതും, ജനമൈത്രി പോലീസ്, ഡാൻസാഫ് (DANSAF) എന്നിവരെ ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ചും, നിരന്തര റെയ്ഡുകളും, സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | ഡ്രൈവുകളും പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.<br>ഇവ കൂടാതെ എക്സൈസ് വകുപ്പ് സ്കൂളുകളിലും പരിസരങ്ങളിലും കർശന നിരീക്ഷണം നടത്തുകയും സംശയാസ്പദമായ രീതിയിൽ കാണുന്ന വിദ്യാർത്ഥികളെയും വ്യക്തികളെയും കുറിച്ച് അന്വേഷണം നടത്തുകയും പി.റ്റി.എ, മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നതോടൊപ്പം സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ടി ക്ലബ്ബുകൾ മുഖാന്തിരം സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നവരെ കണ്ടെത്തി കേസ് എടുത്ത് വരികയും ചെയ്യുന്നു. കൂടാതെ ലഹരി വിരുദ്ധ അവബോധത്തിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിവിധ തരം ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷിതാക്കളും കുട്ടികളുമായി ചേർന്ന് സ്കൂൾ പരിസരത്ത് ഭവന സന്ദർശനം നടത്തുകയും, എക്സൈസ് ഷാഡോ സംവിധാനത്തെയും എക്സൈസ് സ്പെഷ്യൽ സ്ക്വാഡിനെയും ഇന്റലിജൻസ് വിഭാഗത്തെയും ഉപയോഗിച്ച് സ്കൂൾ പരിസരത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവർ വിദ്യാർത്ഥികളെ വഴി തെറ്റിക്കുന്ന പ്രവണത തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ